പുനർവായ്പാ പദ്ധതിപ്രകാരം ഹ്രസ്വകാല കാർഷിക വായ്പ ലഭ്യമാക്കുന്നതിന് സർക്കാർ ഗ്യാരണ്ടി ആവശ്യമാണ്. 2008-09 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പക്കലുണ്ടായിരുന്ന 142 കോടി രൂപയുടെ ഇന്ത്യാ ഗവൺമെന്റ് സെക്യൂരിറ്റി പണയപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 113 കോടി രൂപയുടെ ഹ്രസ്വകാല കാർഷിക വായ്പ നബാർഡിൽ നിന്നും ലഭ്യമായി. ഇന്ത്യാ ഗവൺമെന്റ് സെക്യൂരിറ്റി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പക്കൽ ഇല്ലാത്തതിനാലും, സർക്കാർ ഗ്യാരണ്ടി ലഭ്യമാകാത്തതിനാലും 2009 വർഷം നബാർഡിൽ നിന്നും പുനർവായ്പ പദ്ധതി പ്രകാരം ഹ്രസ്വകാല കാർഷിക വായ്പ ലഭ്യമായിരുന്നില്ല. കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ വിതരണം ചെയ്യുന്നതിനായി കേരള സംസ്ഥാന സഹകരണ ബാങ്കിന് നബാർഡിൽ നിന്നും പുനർവായ്പ ലഭ്യമാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല.

എസ്സി./എസ്ടി. വിഭാഗങ്ങൾക്കുള്ള വായ്പ എഴുതിത്തള്ളുന്ന പദ്ധതി

9 (972) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗക്കാർ എടുത്ത വായ്പ എഴുതിത്തള്ളുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എഴുതിത്തള്ളുന്ന വായ്പയുടെ പരിധി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ/ പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ച് 12-11-2009-ലെ സ.ഉ.(അച്ചടി)100/2009, 6-7-2010-ലെ സ.ഉ.(എംഎസ്.)81/ 2010/പജപവവിവ. നമ്പർ ഉത്തരവുകൾ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്നും നൽകിയിട്ടുള്ള 25,000 രൂപ വരെയുള്ള വായ്പകളിൽ മുതൽ ഭാഗം മാത്രം എഴുതിത്തള്ളാവുന്നതും അതിനുള്ള ബാധ്യത സർക്കാർ വഹിക്കുന്നതുമാണ്. എന്നാൽ സംഘങ്ങൾ മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് വിതരണം ചെയ്തിരുന്ന 25,000 രൂപ വരെയുള്ള വായ്പകളിൽ മുതലും ബന്ധപ്പെട്ട ധനകാര്യ സ്ഥാപനം ഈടാക്കിയ പലിശയും ഉൾപ്പെടെ 25,000 രൂപ വരെ എഴുതിത്തള്ളാവുന്നതും പ്രസ്തുത ബാധ്യത സർക്കാർ വഹിക്കുന്നതുമാണ്. ഇതിനു മുകളിൽ വരുന്ന പലിശ, പിഴ പലിശ, മറ്റുചെലവുകൾ എന്നിവ അതാത് സഹകരണ സംഘങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എഴുതിത്തള്ളേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ അത് വായ്പക്കാരന്റെ ബാധ്യതയുമായിരിക്കും. സംഘങ്ങളുടെ സ്വന്തം ഫണ്ടിൽ നിന്നും നൽകിയിട്ടുള്ള 25,000 രൂപയ്ക്ക് മുകളിലുള്ളതും കുടിശ്ശികയായിട്ടുള്ളതുമായ വായ്പകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി മുതൽ ഭാഗം 25,000 രൂപ വരെ എഴുതിത്തള്ളേണ്ടതും പ്രസ്തുത ബാധ്യത സർക്കാർ വഹിക്കേണ്ടതുമാണ്. ഇതിനു മുകളിൽ വരുന്ന പലിശ, പിഴ പലിശ, മറ്റുചെലവുകൾ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതിത്തള്ളേണ്ടതും ശേഷിക്കുന്ന തുക വായ്പക്കാരന്റെ ബാധ്യതയുമായിരിക്കും. എന്നാൽ സംഘങ്ങൾ മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത 25,000 രൂപയ്ക്ക് മുകളിലുള്ള വായ്പകളിൽ മുതലും, സ്ഥാപനങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശയും ഉൾപ്പെടെ 25,000 രൂപ വരെ സർക്കാർ വഹിക്കുന്നതും ഇതിനു മുകളിൽ വരുന്ന പിഴപലിശ, മറ്റു ചെലവുകൾ, ധനകാര്യ സ്ഥാപനത്തിനു നൽകേണ്ട പലിശയിൽ കുടുതലായി സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതിത്തള്ളേണ്ടതും ശേഷിക്കുന്ന തുക വായ്പക്കാരന്റെ ബാധ്യതയുമായിരിക്കും.

(ബി&സി) ഇല്ല.

സഹകരണ സംഘങ്ങൾ അമിത പലിശ ഈടാക്കുന്നതിനെതിരെ നടപടി

10 (973) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും സഹകരണ വകുപ്പ് പുറത്തിറക്കിയിട്ടുള്ള ഉത്തരവുകൾക്ക് വിരുദ്ധമായി ഡെപ്പോസിറ്റുകൾക്കും ലോണുകൾക്കും അമിത പലിശ നൽകുകയും ഈടാക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഉത്തരവുകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ള എത്ര സഹകരണ സംഘങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) അമിതമായി ഈടാക്കിയ പലിശ ഗുണഭോക്താവിന് തിരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ വായ്പാ സഹകരണ സംഘങ്ങളിലും/ ബാങ്കുകളിലും വായ്പകൾക്കും നിക്ഷേപങ്ങൾക്കും ഈടാക്കാവുന്നതും നൽകാവുന്നതുമായ പലിശ നിരക്കുകൾ സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. കൂടാതെ സഹകരണ സംഘം രജിസ്ട്രാറുടെ 51/10 നമ്പർ സർക്കുലർ പ്രകാരം അധികം

LIBRARY ARCHIVES Kerala Legislative Assembly